നം. സി.ഇ.ഇ/1717/2010/കെഇഎഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# കേരള മെഡിക്കൽ പ്രവേശനം 2011 :
# ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലെ 2011-'12 വർഷത്തെ എംബിബിഎസ് കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ **2011 ജൂലായ് 11-ാം തീയതി** ആരംഭിച്ചിരുന്നു. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി **18.07.2011** ന് വൈകുന്നേരം 5 മണിയ്ക്ക് അവസാനിച്ചു. പ്രസ്തുത കാലയളവിൽ മൊത്തം 6604 വിദ്യാർത്ഥികൾ 32618 ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in/keam2011** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട റ്റ്യൂഷൻ ഫീസ്/ഡെപ്പോസിറ്റ്/കോഷൻ ഡെപ്പോസിറ്റ് തുക എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് പേജിൽ ലഭ്യമായിരിക്കും. ഇതിന്റെ പ്രിന്റൗട്ട് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **22.07.2011 മുതൽ 25.07.2011 വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഫീസ് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ഡെപ്പോസിറ്റ്/കോഷൻ ഡെപ്പോസിറ്റ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും റദ്ദാക്കുന്നതാണ്.

അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ **2011 ജൂലായ് 26, 27, 28 തീയതികളിൽ** അതതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. **ആഗസ്റ്റ് 3-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി** എല്ലാ കോളേജ് അധികാരികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 - 2339101, 2339102, 2339103, 2339104**

(രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ).

തിരുവനന്തപുരം
21.07.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**